**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1798** **20-06-2024 - ൽ മറുപടിയ്ക്ക്**

**കേരള സർവകലാശാലയിലെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സർവകലാശാലയിൽ സാമ്പത്തിക പ്രതിസന്ധി മൂലം പി.എഫ്.ലോൺ, പെൻഷൻ ആനുകൂല്യങ്ങളായ കമ്മ്യൂട്ടേഷൻ, പി.എഫ്., ഡി.സി.ആർ.ജി. എന്നീ തുകകൾ ജീവനക്കാർക്ക് വിതരണം ചെയ്യുന്നതിന് കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സർവകലാശാലയിൽ അധ്യാപകർക്കും ജീവനക്കാർക്കും പി.എഫ് ലോൺ കാലതാമസം കൂടാതെ തന്നെ നൽകി വരികയാണ്. കൂടാതെ സർവ്വീസിൽ നിന്ന് വിരമിക്കുന്ന അധ്യാപകർക്കും ജീവനക്കാർക്കും ലഭ്യമാക്കേണ്ട പെൻഷൻ ആനുകൂല്യങ്ങൾ, പെൻഷൻ കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി. - തുടങ്ങിയവയും, പി.എഫ് ക്ലോസ് ചെയ്ത് നൽകുന്നതും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കാലതാമസമില്ലാതെ തന്നെ നൽകിവരികയാണ്. |
| (ബി) | 2020 മുതൽ കേരള സർവകലാശാലയിൽ നിലവിലുണ്ടായിരുന്ന എം.ഫിൽ. കോഴ്സ് നിർത്തലാക്കിയിട്ടും അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ ഫാക്കൽറ്റികളുടെ കീഴിലുള്ള ഗവേഷക വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുവരുത്തി യഥാക്രമം 4,8,10 എന്ന് നിജപ്പെടുത്തി അധ്യാപകരുടെ സ്ഥിരം നിയമനങ്ങൾ പൂർത്തീകരിച്ചിട്ടും വിവിധ പഠന വകുപ്പുകളിൽ കരാർ വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് താൽക്കാലിക നിയമനം നേടിയ അധ്യാപകർ ഇപ്പോഴും തുടർന്നു വരുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കേരള സർവകലാശാല പഠനവകുപ്പുകളിൽ ആവശ്യകതയ്ക്ക് അനുസരിച്ച് 11 മാസ കരാർ വ്യവസ്ഥയിൽ അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. |
| (സി) | കരാർ വ്യവസ്ഥയിൽ വിവിധ പഠന വകുപ്പുകളിൽ ഇപ്പോൾ ജോലിചെയ്തു വരുന്നവരുടെ ജോലിയിൽ പ്രവേശിച്ച തീയതി, നിലവിലെ കരാർ വ്യവസ്ഥ അവസാനിക്കുന്ന തീയതി, പ്രതിമാസ ശമ്പളം, ഈയിനത്തിൽ സർവകലാശാലയ്ക്ക് പ്രതിവർഷം ചെലവാകുന്ന തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | കേരള സർവകലാശാലയിൽ 2019 നുശേഷം വിവിധ പഠന വകുപ്പുകളിൽ റഗുലർ വ്യവസ്ഥയിൽ സ്ഥിരനിയമനം നേടിയ അധ്യാപകരുടെ പേരുവിവരങ്ങൾ, ജോലിയിൽ പ്രവേശിച്ച തീയതി | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | എന്നീ വിവരങ്ങൾ പഠനവകുപ്പുകൾ തിരിച്ച് വിശദമാക്കാമോ; | | |
| (ഇ) | മേൽ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ പഠന വകുപ്പുകളിൽ കരാർ വ്യവസ്ഥയിൽ അനധികൃതമായി തുടർന്നുവരുന്ന താല്ക്കാലിക അധ്യാപകരുടെ സേവനം അവസാനിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ കർശന നിർദ്ദേശം നൽകുമോ? | (ഇ) | കേരള സർവകലാശാല പഠനവകുപ്പുകളിൽ ആവശ്യകതയ്ക്ക് അനുസരിച്ച് 11 മാസ കരാർ വ്യവസ്ഥയിൽ അദ്ധ്യാപക തസ്തികയിൽ കരാർ നിയമനങ്ങൾ നടത്തുന്നു. |

സെക്ഷൻ ഓഫീസർ